ഉത്തരം

(എ) & (ബി) ശ്രീ. കെ. സുരേഷ് കുമാർ ഐ. എ. എസ്. 2004 ആരംഭത്തിൽ കേരളാ സ്റ്റേറ്റ് ലോട്ടറീസ് വകുപ്പിന്റെ ഡയറക്ടറായിരുന്നു. തുടർന്ന് 17-9-2004 മുതൽ ശ്രീ. സുരേഷ് കുമാർ ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ & ജോയിന്റ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് ആയി നിയമിതനായി. പക്ഷേ, 23-9-2004-ൽ, അദ്ദേഹത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ ഡയറക്ടറായി നിയമിച്ചു. 12-10-2004 മുതൽ ശ്രീ. സുരേഷ് കുമാറിന് ഡയറക്ടർ, എസ്. സി. ഇ. ആർ. റ്റി.യുടെ അധികച്ചുമതലയും നൽകി. പിന്നീട് ശ്രീ. സുരേഷ് കുമാറിന് പകരം മറ്റുദ്യോഗസ്ഥരെ ഈ തസ്തികകളിൽ നിയമിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീ. സുരേഷ് കുമാറിന് വേറെ നിയമനം താമസിയാതെതന്നെ നൽകുന്നതാണ്.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്

14 [2320] *ശ്രീ. ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാരുടെ ശുപാർശ പ്രകാരം സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ നടത്തിയ സ്വാതന്ത്ര്യ സമരസേനാനികളുടെ മെഡിക്കൽ ബില്ലുകൾ റീ ഇംപേഴ്സ് ചെയ്തു കൊടുക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നിഷേധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിയമസഭാ സാമാജികർക്കും സർക്കാർ ജീവനക്കാർക്കും ലഭിയ്ക്കുന്ന ചികിത്സാനുകൂല്യങ്ങൾ ഇവർക്കുകൂടി നൽകുവാനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് അംഗീകൃത മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചില പ്രത്യേക രോഗങ്ങൾക്ക് ശസ്ത്രക്രിയകൾക്ക് ചികിത്സാചെലവിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ബാധകമാക്കി ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. 5-11-1979-ലെ ജി. ഒ. (എംഎസ്.) നം 227/79/എച്ച്. സി.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്വാതന്ത്ര്യ സമരസേനാനികൾക്ക് ചികിത്സാ ചെലവ് അനുവദിച്ചുവരുന്നത്. ഈ ഉത്തരവുപ്രകാരം ഗവൺമെന്റ് ആശുപത്രികളിൽ മാത്രമേ സൗജന്യചികിത്സ അനുവദിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് അനുവദിച്ചു നൽകാൻ നിർവാഹമില്ല.

ഷെഡ്യൂൾഡ് ബാങ്കുകളും വിദ്യാഭ്യാസ വായ്പയും

15 [T 2321] *ശ്രീ. എം. മുരളി:*
,, *കെ. സി. ജോസഫ്:*
,, *എം. പി. ഗംഗാധരൻ:*
,, *ബി. വിജയകുമാർ:*
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകൾക്ക് ഈടു നൽകേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് ഷെഡ്യൂൾഡ് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയതെന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തീയതിക്കുശേഷം സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ എത്ര തുകയാണ് ഈടില്ലാത്ത വായ്പയായി നൽകിയിട്ടുള്ളത്;

(സി) ഏതെല്ലാം വ്യവസ്ഥയിൻമേലാണ് ഇവ തിരിച്ചടയ്ക്കേണ്ടത്;

(ഡി) ഇതിന്റെ തിരിച്ചടവ് ആരംഭിക്കുന്നത് എപ്പോൾ മുതലാണ്;

(ഇ) ഇതിന്റെ തിരിച്ചടവാരംഭിക്കുമ്പോൾ അതിന്റെ പലിശ എത്ര ശതമാനമാണ്;

(എഫ്) അതിന്റെ തിരിച്ചടവ് ആരംഭിക്കുന്നതിന് മുൻപ് അതിന്റെ പലിശ എത്ര ശതമാനമാണ് ചുമത്തുക;

(ജി) എൻജിനീയറിംഗ് ഡിഗ്രിക്ക് പഠിക്കുന്ന ഒരാൾ ആദ്യവർഷം എടുക്കുന്ന ഒരു ലക്ഷത്തിന്റെ വിദ്യാഭ്യാസ വായ്പ കൃത്യമായി അടയ്ക്കുന്നപക്ഷം ഒട്ടാകെ എത്ര തുക അടയ്ക്കേണ്ടതായിവരും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-ൽ.

(ബി) 2001-നുശേഷം സംസ്ഥാനത്തെ വാണിജ്യബാങ്കുകൾ എത്ര തുകയാണ് ഈടില്ലാത്ത വായ്പയായി നൽകിയിട്ടുള്ളതെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 2004 സെപ്തംബർ മാസത്തെ കണക്കുപ്രകാരം 57583 വായ്പകളിലായി 632 കോടി രൂപ കേരളത്തിലെ വാണിജ്യ ബാങ്കുകളിലുമായി നിലവിലുണ്ട്.

(സി) & (ഡി) കോഴ്സ് കഴിഞ്ഞ് ഒരു വർഷത്തിനകമോ ജോലി കിട്ടി 6 മാസത്തിനകമോ ഏതാണോ ആദ്യം വരുന്നത് ആ മാസം മുതൽ 5 മുതൽ 7 വർഷത്തിനകം വിദ്യാഭ്യാസ വായ്പ അടച്ചു തീർക്കണം.

LIBRARY ARCHIVES Kerala Legislative Assembly